# കേരള നിയമസഭ
# 5.07.2013-ലെ മറുപടിക്ക്

<u>നെല്ല് സംഭരണത്തിന് സർവ്വകാല റെക്കോർഡ്</u>

5759 ശ്രീ. വി.ഡി. സതീശൻ
,, വി.റ്റി. ബൽറാം
,, പി.എ. മാധവൻ
,, എ.പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴിയുള്ള നെല്ല് സംഭരണത്തിന് സർവ്വകാല റെക്കോർഡ് നേടിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) എത്ര ടൺ നെല്ലാണ് സംഭരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ഡി) പ്രസ്തുത നേട്ടം കൈവരിക്കാനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

# കേരള നിയമസഭ
## 5.07.2013-ലെ മറുപടിക്ക്

<u>സംഭരിച്ച നെല്ലിന്റെ തുക കർഷകർക്ക് ലഭ്യമാക്കുന്നതിന് നടപടി</u>

5760 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാഡി രസീറ്റ്സ് എഴുതി മാസങ്ങൾ കഴിഞ്ഞിട്ടും സംഭരിച്ച നെല്ലിന്റെ തുക കർഷകർക്ക് ലഭിക്കുന്നില്ല എന്നുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സംഭരിക്കുന്ന നെല്ലിന്റെ തുക കാലതാമസം കൂടാതെ കർഷകർക്ക് ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ;

(സി) ഇതിനായി ഒരു റിവോൾവിംഗ് ഫണ്ട് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

## കേരള നിയമസഭ
## 5.07.2013-ലെ മറുപടിക്ക്

ബി. പി. എൽ റേഷൻ കാർഡുകളുടെ വിതരണം

5761 ശ്രീ. വി. പി. സജീന്ദ്രൻ
,, അൻവർ സാദത്ത്
,, ഐ. സി. ബാലകൃഷ്ണൻ
,, എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതുക്കിയ ബി. പി. എൽ ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ ബി. പി. എൽ റേഷൻ കാർഡുകൾ നൽകി തുടങ്ങിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ബി. പി. എൽ കാർഡുകൾ നൽകാനുള്ള അധികാരം ജില്ലാ കളക്ടറിൽ നിക്ഷിപ്തമാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) ആർക്കെല്ലാമാണ് ജില്ലാ കളക്ടർ വഴി കാർഡുകൾ ലഭ്യമാക്കുന്നത്; വിശദാംശങ്ങൾ നൽകുമോ ?

**കേരള നിയമസഭ**
**5.07.2013-ലെ മറുപടിക്ക്**

ബി.പി.എൽ ലിസ്റ്റിൽ നിന്നും അനർഹരെ ഒഴിവാക്കാൻ നടപടി

5762 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ പഞ്ചായത്തിൽ ബി.പി.എൽ ലിസ്റ്റിൽ നിരവധി അനർഹർ ഉൾപ്പെട്ടിട്ടും ഇവരെ ഒഴിവാക്കാൻ കഴിയാതെ വരുന്നതിന്റെ കാരണം വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 5.07.2013-ലെ മറുപടിക്ക്

<u>റേഷൻ കാർഡ് വിതരണം</u>

5763 ശ്രീ.വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും റജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റേഷൻ കാർഡ് ലഭിക്കുന്നതിനായുള്ള എത്ര അപേക്ഷകളാണ് തീർപ്പാക്കാനുള്ളത് എന്ന് വിശദമാക്കുമോ;

(ബി) റേഷൻ കാർഡിനായി അപേക്ഷ സമർപ്പിക്കുന്ന ദിവസം തന്നെ കാർഡ് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ഇനിയും റേഷൻ കാർഡ് ലഭിക്കാത്ത കുടുംബങ്ങളെ സംബന്ധിച്ച പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

## കേരള നിയമസഭ
## 5.07.2013–ലെ മറുപടിക്ക്

<u>ബി. പി. എൽ. ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള എസ്. സി./എസ്.റ്റി അംഗങ്ങളുടെ വിവരം</u>

5764 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിൽ എസ്.സി/എസ്.റ്റി വിഭാഗങ്ങളിലെ എത്ര പേർ ബി. പി. എൽ. ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടെന്നും ഇവരുടെ താലൂക്ക് തിരിച്ചുള്ള കണക്ക് എത്രയെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 5.07.2013-ലെ മറുപടിക്ക്

<u>പുതിയ റേഷൻകടകൾ ആരംഭിക്കുവാൻ നടപടി</u>

5765 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും
രജിസ്ട്രേഷനും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) നാട്ടിക നിയോജകമണ്ഡലത്തിൽ നിലവിൽ എത്ര റേഷൻകടകൾ ഉണ്ടെന്ന് പഞ്ചായത്തുകൾ തിരിച്ച് കണക്ക് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ കൂടുതൽ റേഷൻകടകൾ അനുവദിക്കുമോ;

(സി) സംസ്ഥാനത്ത് പുതിയ റേഷൻകടകൾ ആരംഭിക്കുവാൻ അനുമതി നൽകുന്നുണ്ടോ?

# കേരള നിയമസഭ
## 5.07.2013-ലെ മറുപടിക്ക്

പുതുതായി മാവേലി സ്റ്റോറുകൾ

5766 ശ്രീ. ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം നെയ്യാറ്റിൻകര മണ്ഡലത്തിൽ പുതുതായി മാവേലി സ്റ്റോറുകൾ ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) തിരുപുറം, കുളത്തൂർ എന്നീ പഞ്ചായത്തുകളിൽ മാവേലി സ്റ്റോർ ആരംഭിക്കുന്നതിന് ശുപാർശകൾ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് നടപടിയാണ് ഇതിൻമേൽ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത സ്ഥാപനം അനുവദിക്കുന്നതിന് തടസ്സങ്ങളുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ
# 5.07.2013-ലെ മറുപടിക്ക്

<u>കണ്ണൂർ വെള്ളോറയിൽ മാവേലി സ്റ്റോർ</u>

5767 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ എരമം-കുറ്റൂർ പഞ്ചായത്തിൽ വെള്ളോറയിൽ മാവേലി സ്റ്റോർ ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങളുടെ പുരോഗതി വിശദമാക്കാമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് കോടതി നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(സി) വെള്ളോറയിൽ മാവേലി സ്റ്റോർ ആരംഭിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 5.07.2013-ലെ മറുപടിക്ക്

ഹോട്ടൽ ഭക്ഷണ സാധനങ്ങളുടെ വില ഏകീകരണം

5768 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹോട്ടലുകളിൽ ഒരേ സാധനത്തിന് പല വിലകൾ ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഹോട്ടലുകളിൽ ഭക്ഷണ സാധനങ്ങൾക്ക് വിലയിൽ ഏകീകരണം ഉണ്ടാക്കുന്നതിനും വിലവിവരപ്പട്ടിക കൃത്യമായി പ്രസിദ്ധീകരിക്കുന്നതിനും കർശന നിർദ്ദേശം നൽകുമോ ?

# കേരള നിയമസഭ
# 5.07.2013-ലെ മറുപടിക്ക്

<u>കുറഞ്ഞ വിലയ്ക്ക് കുത്തരി വിതരണ പദ്ധതി</u>

5769 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, ബെന്നി ബെഹനാൻ
,, ജോസഫ് വാഴക്കൻ
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോ വഴി കുറഞ്ഞ വിലയ്ക്ക് കുത്തരി വിതരണ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ധനസഹായങ്ങളും സബ്സിഡികളുമാണ് പ്രസ്തുത പദ്ധതിക്ക് ലഭിക്കുന്നത്;

(സി) ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

# കേരള നിയമസഭ
## 5.07.2013-ലെ മറുപടിക്ക്

<u>നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധനവ്</u>

5770

ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധനവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അവശ്യ വസ്തുക്കളായ അരി, പയർ, വിവിധതരം കടലകൾ, പഞ്ചസാര, മുളക്, മല്ലി എന്നിവയുടെ പൊതു മാർക്കറ്റിലെ വില ഇപ്പോൾ കിലോയ്ക്ക് എത്രരൂപയാണ്;

(സി) പൊതു മാർക്കറ്റിൽ വില കുതിച്ചുയരുമ്പോഴും സിവിൽ സപ്ലൈസിന്റെ മാവേലി സ്റ്റോറുകളിൽ ആവശ്യ വസ്തുക്കൾ പലതും ലഭ്യമാകുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) മാവേലി സ്റ്റോറുകളിൽ അവശ്യ വസ്തുക്കൾ യഥേഷ്ടം വിതരണം നടത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 5.07.2013–ലെ മറുപടിക്ക്

<u>പച്ചക്കറി – ധാന്യ വിപണിക്കായി നിയന്ത്രണ ഏജൻസിയെ നിയമിക്കുവാൻ നടപടി</u>

5771 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പച്ചക്കറി–ധാന്യവിപണിക്കായി നിയന്ത്രണ ഏജൻസിയെ നിയമിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉത്പാദനമേഖലകളിൽ വില ഉപഭോക്താക്കളെ ദിനം പ്രതി അറിയിക്കുവാൻ സംവിധാനമുണ്ടോ; ഇല്ലെങ്കിൽ ഇതിനു വേണ്ട നടപടി സ്വീകരിക്കുമോ;

(സി) ബ്രാൻഡഡ് ഉൽപ്പന്ന നിർമ്മാതാക്കളുടെ സംഘം സംസ്ഥാനത്ത് പ്രവർത്തിക്കുന്നതായി വിവരം ലഭിച്ചിട്ടുണ്ടോ; ഇവരെ നിയന്ത്രിക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചിരിക്കുന്നു എന്നറിയിക്കാമോ;

(ഡി) പച്ചക്കറി വിപണനത്തിന് സപ്ലൈകോയിൽ സ്ഥിരം സംവിധാനം ഏർപ്പെടുത്തുമോ?

# കേരള നിയമസഭ
# 5.07.2013-ലെ മറുപടിക്ക്

<u>പൊതുവിതരണം ശക്തിപ്പെടുത്തുവാൻ നടപടി</u>

5772 ശ്രീ. ഇ. പി. ജയരാജൻ
'' എ. പ്രദീപ്കുമാർ
'' പി. ശ്രീരാമകൃഷ്ണൻ
'' സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോ-യ്ക്ക് നൽകിവരുന്ന സബ്സിഡി നിർത്തലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) വിലക്കയറ്റം പ്രതിരോധിക്കുന്നതിന് ആവശ്യമായ തുക സിവിൽ സപ്ലൈസ് കോർപ്പറേഷൻ തന്നെ കണ്ടെത്തണമെന്ന നിർദ്ദേശം നർകിയിട്ടുണ്ടോ;

(സി) ഇതിനായി നിലവിൽ സബ്സിഡി നൽകുന്ന വസ്തുക്കളുടെ വില്പന കുറക്കുന്നതിനും സബ്സിഡിയേതര ഇനങ്ങളുടെ വില്പന വർദ്ധിപ്പിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ടോ; നിലവിൽ ഇതിന്റെ അനുപാതം എങ്ങിനെയാണ്; ഏത് രൂപത്തിലാണ് ഈ അനുപാതം മാറ്റാൻ ഉദ്ദേശിക്കുന്നത്;

(ഡി) പൊതുമാർക്കറ്റിൽ അവശ്യവസ്തുക്കളുടെ വില ക്രമാതീതമായി ഉയരുന്ന സാഹചര്യത്തിൽ സബ്സിഡി ഇനങ്ങളുടെ വില്പന വർദ്ധിപ്പിക്കുന്നതിന് നിർദ്ദേശം നൽകുമോ;

(ഇ) പൊതുവിതരണ ശൃംഖലയിലൂടെയുള്ള അവശ്യവസ്തുക്കളുടെ ലഭ്യതക്കുറവ് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ;

(എഫ്) സംസ്ഥാനത്ത് പൊതുവിതരണം ശക്തിപ്പെടുത്തുവാൻ തയ്യാറാകുമോ?

## കേരള നിയമസഭ
## 5.07.2013–ലെ മറുപടിക്ക്

<u>പൊതു വിപണിയിൽ റെയ്ഡുകൾ</u>

5773 ശ്രീ.പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും റജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതു വിപണിയിൽ കഴിഞ്ഞ മൂന്നു മാസത്തിനുള്ളിൽ സിവിൽ സപ്ലൈസ് വകുപ്പ് എത്ര റെയ്ഡുകൾ നടത്തി;

(ബി) ഏത്ര ഭക്ഷ്യ ധാന്യങ്ങൾ പിടിച്ചെടുത്തു; എത്ര എൽ.പി.ജി സിലണ്ടറുകൾ പിടിച്ചെടുത്തു;

(സി) ഇതുമായി ബന്ധപ്പെട്ട് എത്ര കേസുകൾ ചാർജ്ജ് ചെയ്തു ; താലൂക്ക് തിരിച്ചു കണക്കുകൾ ലഭ്യമാക്കാമോ;

(ഡി) കേന്ദ്ര പൊതു വിതരണ ഉപഭോക്തൃ വകുപ്പിലെ ഏതെങ്കിലും ഉദ്യോഗസ്ഥർ സംസ്ഥാനത്തെ ഏതെങ്കിലും പൊതുവിതരണ സ്ഥാപനങ്ങളിൽ സന്ദർശനം നടത്തിയിരുന്നോ; എങ്കിൽ ആരെന്ന് വ്യക്തമാക്കുമോ; പ്രസ്തുത ഉദ്യോഗസ്ഥൻ പൊതുവിതരണ വകുപ്പിൽ ഏതെല്ലാം തരത്തിലുള്ള പരിശോധനകൾ നടത്താൻ അധികാരമുള്ളയാളാണെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 5.07.2013-ലെ മറുപടിക്ക്

വിജിലൻസ് കമ്മിറ്റികളുടെ പ്രവർത്തനം

5774 ശ്രീ. എം.എ. വാഹീദ്
,, ബെന്നി ബെഹനാൻ
,, കെ. ശിവദാസൻ നായർ
,, ജോസഫ് വാഴക്കൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി രൂപീകരിച്ച വിജിലൻസ് കമ്മിറ്റികളുടെ പ്രവർത്തനം വിശദമാക്കാമോ ;

(ബി) റേഷൻ സാധനങ്ങളുടെ വിതരണത്തിൽ എന്തെങ്കിലും ക്രമക്കേടുകൾ നടന്നിട്ടുള്ളതായി വിജിലൻസ് കമ്മിറ്റികൾ കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(സി) എങ്കിൽ എന്തെല്ലാം തുടർനടപടികളാണ് ഇതിന്മേൽ സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 5.07.2013-ലെ മറുപടിക്ക്

<u>റേഷൻ സാധനങ്ങളുടെ മറിച്ചു വിൽപന തടയുന്നതിന് നടപടി</u>

5775 ശ്രീ.വി. എസ്. സുനിൽ കുമാർ
''വി.ശശി
''ജി. എസ്. ജയലാൽ
'' പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റേഷൻ കടകൾക്ക് ഓരോ മാസവും അനുവദിക്കുന്ന റേഷൻ സാധനങ്ങൾ അതാതു മാസം തന്നെ കാർഡുടമകൾക്ക് വിറ്റു പോകുന്നുണ്ടോ;

(ബി) റേഷൻ കടകൾക്ക് അനുവദിക്കുന്ന സാധനങ്ങൾ മുഴുവനും റേഷൻ കടകളിലേയ്ക്കും, ഉപഭോക്താക്കളിലേക്കും എത്തി ചേരുന്നില്ലെന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) റേഷൻ സാധനങ്ങളുടെ മറിച്ചു വില്പന തടയുന്നതിന് കാര്യക്ഷമമായ നടപടികളില്ലെന്ന ആക്ഷേപം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ അതു തടയുന്നതിനുള്ള എന്തു നടപടികളാണ് ഇനി സ്വീകരിയ്ക്കാനുള്ളത് എന്നു വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 5.07.2013–ലെ മറുപടിക്ക്

<u>റേഷൻ കരിഞ്ചന്തയിൽ വിൽക്കപ്പെടുന്നതായി പരാതി</u>

5776

ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റേഷൻ കരിഞ്ചന്ത തടയുന്നതിനായി പാലക്കാട് ജില്ലയിൽ ജില്ലാ കളക്ടർ, പോലീസ്, ഭക്ഷ്യവകുപ്പ് എന്നിവർ 2013 –ൽ എത്ര റെയിഡുകൾ നടത്തിയിട്ടുണ്ട്;

(ബി) റെയിഡുകളിൽ എത്ര ചാക്ക് അരി പിടിച്ചെടുത്തു; ഇതിൽ എന്തു നടപടി സ്വീകരിച്ചു;

(സി) പാലക്കാട് ജില്ലയിൽ റേഷൻ കരിഞ്ചന്തയുമായി ബന്ധപ്പെട്ട് കോടതിയിൽ എത്ര കേസുകൾ നിലവിലുണ്ട്; ഇവയുടെ ഇപ്പോഴത്തെ സ്ഥിതി എന്താണ്;

(ഡി) പ്രസ്തുത കേസുമായി ബന്ധപ്പെട്ട എത്ര പേർക്കെതിരെ നടപടി സ്വീകരിച്ചു?

# കേരള നിയമസഭ
## 5.07.2013-ലെ മറുപടിക്ക്

<u>മണ്ണെണ്ണ കരിഞ്ചന്തയിൽ വിൽക്കൽ</u>

5777 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യത്തിന്
**ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

റേഷൻ കടകളിൽ നിന്ന് കാർഡുടമകൾ വാങ്ങാത്ത മണ്ണെണ്ണ കരിഞ്ചന്തയിൽ വിറ്റതുമായി ബന്ധപ്പെട്ട് പിടിക്കപ്പെട്ട കേസുകളുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ നൽകാമോ ?

# കേരള നിയമസഭ
## 5.07.2013–ലെ മറുപടിക്ക്

<u>പട്ടിണി മരണങ്ങൾ</u>

5778

ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ഏതെങ്കിലും പട്ടിണി മരണം റിപ്പോർട്ടു ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(ബി) പട്ടിണി മരണങ്ങൾ സംഭവിയ്ക്കാതിരിയ്ക്കുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നല്കുമോ?

# കേരള നിയമസഭ
## 5.07.2013-ലെ മറുപടിക്ക്

<u>പാരിപ്പള്ളി സിവിൽസപ്ലൈസ് മെഡിക്കൽ സ്റ്റോർ</u>

5779 ശ്രീ. ജി.എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും
രജിസ്ട്രേഷനും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ പാരിപ്പള്ളി കേന്ദ്രീകരിച്ച് സിവിൽ സപ്ലൈസ് വകുപ്പിന്റെ മേൽനോട്ടത്തിൽ മെഡിക്കൽ സ്റ്റോർ ആരംഭിക്കുന്നതിന് സമർപ്പിച്ച അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(ബി) പ്രസ്തുത സ്ഥാപനം ആരംഭിക്കുവാൻ ബന്ധപ്പെട്ട വകുപ്പ് നിശ്ചയിച്ചിരിക്കുന്ന വാടകയ്ക്ക് കടകൾ ലഭിക്കുവാൻ ബുദ്ധിമുട്ടുള്ള സാഹചര്യം ബോദ്ധ്യപ്പെട്ടിട്ടുണ്ടോ;

(സി) പാരിപ്പള്ളിയിൽ ഇ.എസ്.ഐ. മെഡിക്കൽ കോളേജ് പ്രവർത്തനം ആരംഭിക്കുന്നതിനാൽ, നിലവിലുള്ള കെട്ടിടങ്ങൾക്ക് മറ്റ് പ്രദേശങ്ങളെക്കാൾ കൂടുതൽ വാടക ആവശ്യപ്പെടുമെന്ന കാര്യം പരിഗണിച്ചിട്ടുണ്ടോ; എങ്കിൽ കെട്ടിട ഉടമകളുമായി സമവായ ചർച്ച നടത്തി വാടകയുടെ കാര്യത്തിൽ ധാരണയാകുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 5.07.2013–ലെ മറുപടിക്ക്

<u>സിവിൽ സപ്ലൈസ് കോർപ്പറേഷനിലെ നിയമനം</u>

5780 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ എത്ര ജീവനക്കാരുടെ ഒഴിവുകൾ നിലവിലുണ്ടെന്ന് തസ്തിക തിരിച്ച് വിശദമാക്കാമോ;

(ബി) ഒഴിവുള്ള തസ്തികകളിലേക്ക് ഡെപ്യൂട്ടേഷൻ/താൽക്കാലിക നിയമനങ്ങൾ നൽകിയിട്ടുണ്ടെങ്കിൽ ഏതൊക്കെ തസ്തികകളിൽ എന്ന് വിശദമാക്കാമോ;

(സി) ഒഴിവുള്ള തസ്തികകളിൽ സ്ഥിരം നിയമനം നൽകാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 5.07.2013-ലെ മറുപടിക്ക്

<u>സപ്ലൈകോയിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്നവരുടെ വിവരം</u>

5781 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോയിൽ എത്രപേരാണ് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലിചെയ്യുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) സപ്ലൈകോയിൽ ഏതെല്ലാം തസ്തികളിലാണ് ഇപ്രകാരം നിയമനം നടത്തുന്നതെന്നും ഡെപ്യൂട്ടേഷൻ കാലാവധി എത്രയെന്നും വെളിപ്പെടുത്തുമോ;

(സി) ഇതിന്റെ മാനദണ്ഡം എന്തെന്ന് വെളിപ്പെടുത്തുമോ;

(ഡി) സപ്ലൈകോയിൽ നേരിട്ട് നിയമനം നടത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 5.07.2013-ലെ മറുപടിക്ക്

<u>സപ്ലൈകോ അസിസ്റ്റന്റ് സെയിൽസ്മാൻമാർക്ക് പ്രത്യേക ആനുകൂല്യം നൽകുന്നതിന് നടപടി</u>

5782 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ സീനിയർ അസിസ്റ്റന്റ് I ഉം II ഉം തസ്തികയിൽ എത്ര വേക്കൻസികൾ ഉണ്ട്; ഇതിൽ എത്രയെണ്ണം കോർപ്പറേഷൻ ജീവനക്കാർക്ക് നീക്കിവച്ചിരിക്കുന്നു; എത്രയെണ്ണം നികത്താതെ കിടക്കുന്നു; ഇവ നികത്താതെ കിടക്കുന്നുവെങ്കിൽ ഇതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) സിവിൽ സപ്ലൈസ് വകുപ്പിലെ എം.ബി.എ. ഡിഗ്രിയുള്ള അസിസ്റ്റന്റ് സെയിൽസ്മാനെ സപ്ലൈകോയിൽ അസിസ്റ്റന്റ് മാനേജരായി നിയമിക്കുന്നതിന് സാങ്കേതിക തടസ്സമുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) സപ്ലൈകോയിലെ അസിസ്റ്റന്റ് സെയിൽസ്മാൻമാർക്ക് പ്രത്യേക ആനുകൂല്യം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

(ഡി) സപ്ലൈകോയിലെ ഡെപ്യൂട്ടേഷൻ വ്യവസ്ഥ കാരണം കോർപ്പറേഷന് വർഷാവർഷം നഷ്ടം സംഭവിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന് പരിഹാരം കാണുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 5.07.2013–ലെ മറുപടിക്ക്

<u>രജിസ്ട്രേഷൻ വകുപ്പിൽ ഓൺലൈൻ സംവിധാനം</u>

5783 ശ്രീ. ജോസഫ് വാഴക്കൻ
'' ഡൊമിനിക് പ്രസന്റേഷൻ
'' ഐ. സി. ബാലകൃഷ്ണൻ
'' ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) രജിസ്ട്രേഷൻ വകുപ്പിൽ സംഘടനാ രജിസ്ട്രേഷനും, പാർട്ട്ണർഷിപ്പ് നിയമപ്രകാരമുള്ള സ്ഥാപനങ്ങളുടെ രജിസ്ട്രേഷനും വെബ്സൈറ്റിലൂടെയാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത സംവിധാനത്തിന്റെ ഉദ്ദേശലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) എന്തെല്ലാം സൗകര്യങ്ങളാണ് പ്രസ്തുത വെബ്സൈറ്റിലൂടെ ലഭിക്കുന്നത്;

(ഡി) ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

# കേരള നിയമസഭ
## 5.07.2013-ലെ മറുപടിക്ക്

<u>അണ്ടർ വാലുവേഷൻ കേസ്സുകളിൽ തീർപ്പു കൽപ്പിക്കുന്നത്</u>

5784 ശ്രീ. കെ. അച്ചുതൻ
,, വി. റ്റി. ബൽറാം
,, വർക്കല കഹാർ
,, വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സബ് രജിസ്ട്രാർ ഓഫീസുകളിൽ അണ്ടർ വാലുവേഷൻ കേസ്സുകളിൽ തീർപ്പു കൽപ്പിക്കുന്നതിനായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ ;

(ബി) ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(സി) എത്ര കേസ്സുകളാണ് പ്രസ്തുത പദ്ധതിയിലൂടെ തീർപ്പു കൽപ്പിക്കാൻ ലക്ഷ്യമിടുന്നതെന്ന് വിശദമാക്കുമോ ;

(ഡി) ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

# കേരള നിയമസഭ
## 5.07.2013–ലെ മറുപടിക്ക്

<u>രജിസ്ട്രേഷൻ വകുപ്പിൽ ഇന്റേണൽ വിജിലൻസ് വിഭാഗം</u>

5785 ശ്രീ. കെ. മുരളീധരൻ
,, കെ. അച്ചുതൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) രജിസ്ട്രേഷൻ വകുപ്പിൽ ഇന്റേണൽ വിജിലൻസ് വിഭാഗം രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ .

(ബി) ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(സി) വകുപ്പിലെ തെറ്റായ പ്രവണതകൾക്ക് തടയിടാൻ പ്രസ്തുത സംവിധാനം എത്രമാത്രം പ്രയോജനകരമാകും എന്നാണ് കരുതുന്നതെന്ന് വിശദമാക്കുമോ ;

(ഡി) പ്രസ്തുത സംവിധാനം രൂപീകരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

# കേരള നിയമസഭ
## 5.07.2013-ലെ മറുപടിക്ക്

<u>രജിസ്ട്രേഷന്‍ വകുപ്പിലെ സേവനങ്ങള്‍ക്കുള്ള ഫീസ്</u>

5786 ശ്രീ. ജി. സുധാകരന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഭക്ഷ്യവും സിവില്‍സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) രജിസ്ട്രേഷന്‍ വകുപ്പിലെ സേവനങ്ങള്‍ക്ക് ഓണ്‍ലൈനില്‍ അപേക്ഷ നല്‍കേണ്ടത് അക്ഷയ കേന്ദ്രങ്ങള്‍ വഴിയായിരിക്കണമെന്ന് നിര്‍ദ്ദേശിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇന്റര്‍നെറ്റ് സൗകര്യമുള്ളിടത്തു നിന്നും രജിസ്ട്രേഷന്‍ വകുപ്പിലെ സേവനങ്ങള്‍ക്ക് ഓണ്‍ലൈന്‍ അപേക്ഷ നല്‍കുന്നതിന് നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**5.07.2013-ലെ മറുപടിക്ക്**

<u>വസ്തു രജിസ്ട്രേഷൻ ഫീസിൽ ഇളവ്</u>

5787 ശ്രീ. വി.ഡി. സതീശൻ
,, തേറമ്പിൽ രാമകൃഷ്ണൻ
,, റ്റി. എൻ. പ്രതാപൻ
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് വസ്തു രജിസ്ട്രേഷൻ ഫീസിൽ ഇളവ് നൽകിയിട്ടുണ്ടോ; വിശദമാക്കുമോ ;

(ബി) ഏതെല്ലാം തരം രജിസ്ട്രേഷനുകൾക്കാണ് ഫീസിളവ് വരുത്തിയിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഇത് സംബന്ധിച്ച് നികുതി വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദമാക്കുമോ ;

(ഡി) എന്ന് മുതലാണ് ഫീസിളവിന് പ്രാബല്യം നൽകിയിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം ?

# കേരള നിയമസഭ
## 5.07.2013–ലെ മറുപടിക്ക്

<u>ഇ–സ്റ്റാമ്പിംഗ് സിസ്റ്റം നടപ്പിലാക്കുന്നതിന് നടപടി</u>

T-5788 ശ്രീ. പി.ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും
രജിസ്ട്രേഷനും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇ–സ്റ്റാമ്പിംഗ് സിസ്റ്റം നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം അറിയിക്കാമോ;

(ബി) പുതുതായി സ്റ്റാമ്പ് വെണ്ടർ അനുവദിക്കേണ്ടതില്ല എന്ന് തീരുമാനിച്ചിട്ടുണ്ടോ;

(സി) കാസർഗോഡ് ഉപ്പളയിൽ പുതിയ സ്റ്റാമ്പ്വെണ്ടർ അനുവദിക്കണമെന്ന അപേക്ഷയിൻമേൽ (ഫയൽ നം. 26694/ഇ3/2011/ ടാക്സസ് ഡിപ്പാർട്ട്മെന്റ്) എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 5.07.2013–ലെ മറുപടിക്ക്

<u>സബ് രജിസ്ട്രാർ ഓഫീസുകളിൽ ബൈൻഡിംഗ് ജോലികൾ പൂർത്തിയാക്കാൻ പദ്ധതി</u>

5789 ശ്രീ. കെ. ശിവദാസൻ നായർ
'' ഐ. സി. ബാലകൃഷ്ണൻ
'' ജോസഫ് വാഴക്കൻ
'' എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സബ് രജിസ്ട്രാർ ഓഫീസുകളിൽ ആധാരങ്ങൾ ഉൾക്കൊള്ളുന്ന വാല്യങ്ങളുടെ ബൈൻഡിംഗ് ജോലികൾ പൂർത്തിയാക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) എത്ര വാല്യങ്ങളുടെ ബൈൻഡിംഗ് ജോലി പൂർത്തിയാക്കാനാണ് പദ്ധതി വിഭാവനം ചെയ്യുന്നതെന്ന് വിശദമാക്കുമോ;

(ഡി) ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

# കേരള നിയമസഭ
## 5.07.2013-ലെ മറുപടിക്ക്

പൈതൃകമായി ലഭിച്ച സ്വത്ത് കൈമാറ്റത്തിൽ രജിസ്ട്രേഷൻ ഫീസിൽ ഇളവ് ലഭിക്കുന്നതിന് നടപടി

5790 ശ്രീ. വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൈതൃകമായി ലഭിച്ച സ്വത്ത് കൈമാറ്റത്തിൽ രജിസ്ട്രേഷൻ ഫീസിൽ എന്ത് ഇളവാണ് നൽകുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഇളവ് സഹോദരങ്ങൾക്കു മാത്രമാണോ എന്നും ഇവരിൽ ഒരു സഹോദരൻ മരണപ്പെട്ടാൽ അവകാശികളായ ഭാര്യക്കും മകൾക്കും കൂടി ഈ ഇളവ് അനുവദിക്കുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) സ്വത്തിന്റെ അവകാശിയും മകനും മരണപ്പെട്ടാൽ ചെറുമകൾക്ക് ഈ സ്വത്ത് രജിസ്ട്രേഷൻ നടത്തുവാൻ ഫീസ് ഇളവ് ലഭിക്കുമോ എന്ന് വ്യക്തമാക്കുമോ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 5.07.2013-ലെ മറുപടിക്ക്

<u>ആധാരം എഴുത്ത് മേഖലയിൽ പണിയെടുക്കുന്നവർക്കുള്ള ആനുകൂല്യങ്ങൾ</u>

5791 ശ്രീ. പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര സബ് രജിസ്ട്രാർ ആഫീസുകൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) രജിസ്ട്രേഷൻ വകുപ്പിനെ എത്ര മേഖലകളായി വിഭജിച്ചിട്ടുണ്ട്;

(സി) കേരളത്തിൽ ആകെ എത്ര ആധാരം എഴുത്ത്/ കൈപ്പട ലൈസൻസികൾ ഉണ്ട്;

(ഡി) കേരളത്തിലെ ആധാരം എഴുത്ത് മേഖലയിൽ പണിയെടുക്കുന്നവർക്ക് രജിസ്ട്രേഷൻ വകുപ്പിൽ നിന്നും എന്തൊക്കെ ആനുകൂല്യങ്ങൾ നൽകുന്നുണ്ട്;

(ഇ) രജിസ്ട്രേഷൻ വകുപ്പിൽ ആധാരം എഴുത്തുമായി ബന്ധപ്പെട്ട് പുതിയ പരിഷ്കാരങ്ങൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ എന്തെല്ലാം പരിഷ്കാരങ്ങളാണെന്ന് വ്യക്തമാക്കുമോ;

(ജി) പുതിയ പരിഷ്കാരങ്ങൾ നടപ്പിലാക്കുന്നതിനു മുന്നോടിയായി ആധാരം എഴുത്ത് മേഖലയിലുള്ള സംഘടനകളുമായി ചർച്ച ചെയ്ത് തീരുമാനം എടുത്തിട്ടുണ്ടോ;

(എച്ച്) പുതിയ പരിഷ്കാരങ്ങൾ നടപ്പിലാക്കുമ്പോൾ ആധാരം എഴുത്തുകാരുടെ തൊഴിൽ സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഐ) ഉണ്ടെങ്കിൽ അത് ഏതെല്ലാം രീതിയിലാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്;

(ജെ) ആധാരം എഴുത്തുകാരുടെ പെൻഷൻ ബിൽ പ്രകാരമുള്ള ആനുകൂല്യങ്ങൾ ബന്ധപ്പെട്ടവർക്ക് നൽകി തുടങ്ങിയിട്ടുണ്ടോ;

(കെ) ഇല്ല എങ്കിൽ കാരണം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 5.07.2013-ലെ മറുപടിക്ക്

<u>ആധാരമെഴുത്തുകാർക്ക് സബ് - രജിസ്ട്രാർ ഓഫീസുകളിൽ നിയന്ത്രണം</u>

5792 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യത്തിന്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സബ് - രജിസ്ട്രാർ ഓഫീസുകളിൽ ലൈസൻസുള്ള ആധാരമെഴുത്തുകാരെ പോലും പ്രവേശിപ്പിക്കാൻ പാടില്ല എന്നുള്ള ഉത്തരവ് പുറപ്പെടുവിക്കാനിടയായ സാഹചര്യം വ്യക്തമാക്കുമോ ?